നാഥൻ വരവിന്നായുണർന്നീടുവിൻ

അന്ത്യനാളിൽ വാനിൽ വരുമേശു

നാഥൻ വരവിന്നായുണർന്നീടുവിൻ

ലക്ഷങ്ങളിലുത്തമനാം എന്റെ പ്രിയ മണവാളൻ

ലക്ഷണങ്ങൾ തികഞ്ഞുള്ള തൻ പ്രിയയെ കാണാനായി

മോക്ഷമാർഗ്ഗേ വാഹനത്തിൽ കോടിദൂതസേനയുമായ്–2

ഇക്ഷണത്തിൽ വരുന്നവൻ തുള്ളിച്ചാടി മാനിനേപ്പോൽ– 2

നാഥൻ – 2 ആ..ആ..ആ..

മുമ്പുതന്റെ വരവിനാൽ ലോകത്തെ താൻ രക്ഷിച്ചു

ഇമ്പമേറും പറുദീസിൻ വാതിലുകൾ തുറന്നു

തുമ്പമെന്യേ സ്വന്തനാട്ടിലെന്നെന്നേയ്ക്കും വാഴാനായി–2

അൻപുനിറഞ്ഞേശുപരനാടിപ്പാടി വരുന്നു – 2

നാഥൻ – 2 ആ..ആ..ആ..

എണ്ണയില്ലാ കന്യകമാർ എണ്ണമില്ലാതുണ്ടിപ്പോൾ

എണ്ണവാങ്ങിവരാനായിട്ടെല്ലാവരും ഒരുങ്ങിൻ

എണ്ണയില്ലാതുള്ളകാലം ഖിന്നരായിത്തീരാതെ – 2

കണ്ണുനീരോടെന്നെന്നേയ്ക്കും നിന്ദ്യരായിപ്പോകാതെ–2

നാഥൻ – 2 ആ..ആ..ആ..

കഷ്ടം അയ്യോ കഷ്ടം തന്നെ ദുഷ്ടന്മാർക്കുള്ളോഹരി

ദുഷ്ടനാകും സാത്താനേപ്പോലഗ്നിക്കുപമവർക്ക്

ദുഷ്ടന്മാരെ പാപമെല്ലാം തള്ളിയോടി വരുവിൻ –2

ശിഷ്ടരായിട്ടേശുപാദം മുത്തം ചെയ്തു കരവിൻ –2

നാഥൻ – 2 ആ..ആ..ആ..

ശത്രുതപൂണ്ടെത്രപേരിന്നിക്ഷിതിയിൽ വാഴുന്നു

ശത്രുക്കളെ സംഹരിപ്പാൻ യേശുരാജൻ വരുന്നു

വ്യർഥഭക്തരായവരും കൂടിക്കൂടി വരുന്നു – 2

കർത്തനേശുവരുന്നിതാ സർവ്വരേയും വിധിപ്പാൻ – 2

നാഥൻ – 2 ആ..ആ..ആ..

പാതിരാവിൽ മണവാളന്റാർപ്പുവിളി കേൾക്കുന്നാൾ

കർത്തനെന്ന് ആർത്തു കൊണ്ടുദൂതർ മഹാശബ്ദത്തോടും

കാത്തിരിയ്ക്കും സഭയ്ക്കായി മദ്ധ്യവാനിൽ വരുന്നു – 2

ആർത്തിയെല്ലാം തീർത്തവൾക്കുള്ളാശ്വാസങ്ങൾ നൽകുന്നു – 2

നാഥൻ – 2 ആ..ആ..ആ..

ഞാനുമെന്റെ പ്രിയനും കൂടാനന്ദമായ് വസിപ്പാൻ

താനെനിക്കു സ്വർഗ്ഗദേശം ദാനമായിത്തന്നല്ലോ

ഞാനുലകിലെത്രകാലം ബാധാ ഖേദം കണ്ടാലും –2

ഞാനതെല്ലാം മറക്കുന്ന ഭാഗ്യകാലം വരുന്നു –2

നാഥൻ – 2 ആ..ആ..ആ..